**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5068** **20-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിലെ പാട്ട വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുള്ള സംഗതികളിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊണ്ട് കുടിശ്ശിക തുക ഈടാക്കുന്നതിനും പാട്ട വ്യവസ്ഥ ലംഘനം എന്ന നിലയിൽ പാട്ടം റദ്ദാക്കി ഭൂമി തിരികെ എടുക്കുന്നതിനുമുള്ള നടപടികൾ ജില്ലാ - താലൂക്ക് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ, പാട്ടക്കാർ ഒട്ടെല്ലാ കേസുകളിലും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ഇത്തരം നടപടികൾക്ക് വിഘാതമായിട്ടുള്ളതുമാണ്. കൂടാതെ വലിയ തുക കുടിശ്ശിക ഉള്ളവർക്ക് പാട്ട കുടിശ്ശികയിൽ ഇളവനുദിച്ചുകൊണ്ട് കുടിശ്ശിക തീർപ്പാക്കുന്നതിനായി സംസ്ഥാനത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. |
| (ബി) | പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നും സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പാട്ട വ്യവസ്ഥകളും പാട്ടനിരക്കുകളും പുതുക്കി നിശ്ചയിച്ചുകൊണ്ടും, പാട്ടകുടിശ്ശികയ്ക്ക് ഇളവ് അനുവദിച്ചുകൊണ്ടുമുള്ള ഒരു ലീസ് നയം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ കരട് തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നതും കരട് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>ആയത് പരിശോധനയിലാണ്. അടിയന്തര തുടർ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പാട്ട വ്യവസ്ഥകളും പാട്ടനിരക്കുകളും പുതുക്കി നിശ്ചയിച്ചുകൊണ്ടും, പാട്ടകുടിശ്ശികയ്ക്ക് ഇളവ് അനുവദിച്ചുകൊണ്ടുമുള്ള ഒരു ലീസ് നയം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ കരട് തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ |

| | | | |
|---|---|---|---|
| | | | കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നതും കരട് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>ആയത് പരിശോധനയിലാണ്. അടിയന്തര തുടർ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ